# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3368    13.03.17 ൽ മറുപടിയ്ക്ക്

### ലൈസൻസിന് അപേക്ഷിക്കുന്ന സ്ത്രീകളുടെ ഫോട്ടോഗ്രാഫ്

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈസൻസിന് അപേക്ഷിക്കുന്ന സ്ത്രീകൾ ചെവി കാണും വിധം എടുത്ത ഫോട്ടോ സമർപ്പിക്കണമെന്നും ഇങ്ങനെയല്ലാത്ത ഫോട്ടോകൾ പതിച്ച അപേക്ഷകൾ നിരസിക്കണമെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ)<br>&<br>(ബി) | അത്തരത്തിൽ ഒരു നിർദ്ദേശവും നൽകിയിട്ടില്ല. |
| (ബി) | ലൈസൻസിനോ മോട്ടോർ വാഹന വകുപ്പിലെ മറ്റ് സേവനങ്ങൾക്കോ അപേക്ഷിക്കുമ്പോൾ സ്ത്രീകൾ ചെവി കാണും വിധം എടുത്ത ഫോട്ടോ നൽകണം എന്ന് നിഷ്കർഷിക്കുന്ന ഏതെങ്കിലും നിയമമോ ചട്ടമോ നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; എങ്കിൽ അത്തരത്തിൽ വ്യവസ്ഥ രൂപപ്പെടുത്താനുള്ള സാഹചര്യം, കാരണം, ശാസ്ത്രീയ കാരണം എന്നിവ വ്യക്തമാക്കുമോ; | | |
| (സി) | നിയമമില്ലെങ്കിൽ, ചെവി കാണും വിധം എടുത്ത ഫോട്ടോ മാത്രമേ ലൈസൻസിന് പരിഗണിക്കൂ എന്ന് നിഷ്കർഷിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ലൈസൻസിനായുള്ള അപേക്ഷയിൽ മുഖം വ്യക്തമായി കാണുന്ന വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ചിരിക്കണം. ചെവി കാണുംവിധം എടുത്ത ഫോട്ടോ മാത്രമേ ലൈസൻസിന് പരിഗണിക്കൂ എന്ന് നിർദ്ദേശിച്ചിട്ടില്ല. |
| (ഡി) | ഇക്കാര്യത്തിൽ അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | ഇത്തരത്തിൽ അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കും |
| (ഇ) | ഇത്തരം അപേക്ഷകൾ നിരസിക്കുന്നത് സംബന്ധിച്ച് വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; 2017 ജനവരി മുതൽ എത്ര പരാതികൾ ലഭിച്ചു; ഇതിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | ഉണ്ട്. 2017-ൽ ഒരു പരാതി ലഭിച്ചു. ഇതിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ചെവി കാണും വിധം ഫോട്ടോ എടുക്കുന്നത് മുസ്ലീം സ്ത്രീകളുടെ വിശ്വാസ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സത്വരം നൽകുമോ? | (എഫ്) | മുസ്ലീം സ്ത്രീകളുടെ മത വിശ്വാസ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന തരത്തിലുള്ള യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**